

രാംധാരി സിംഗ് ദിവാകർ

1945-ൽ ബീഹാറിലെ  കർഷക കുടുംബത്തിൽ ജനിച്ചു. ഏഴു നോവലുകളും പതിമൂന്നു കഥാസമാഹാരങ്ങളും ഉൾപ്പെടെ രണ്ടു ഡസനിലധികം കൃതികളുടെ രചയിതാവ്. രാംധാരി സിംഗ് ദിവാകറിന്റെ 'ദേഹ് രി ഭയീ ബിദേസ്' കഥയുടെ വിവർത്തനം.

# ഇതു ദുഃഖിക്കേണ്ട കാര്യമല്ലേ?

■ രാംധാരി സിംഗ് ദിവാകർ
■ വിവർത്തനം: വി.ഡി. കൃഷ്ണൻ നമ്പ്യാർ
■ ചിത്രീകരണം: ഹൻസ്

യശോദ മകൻ പ്രശാന്തിന്റെ വീട്ടിലേക്കു പോകാനൊരുങ്ങി. പക്ഷേ, അവിടെ എത്തുമ്പോഴേയ്ക്കു തന്റെ മനസ്സിനെ അവൾക്കു നിയന്ത്രണാധീനമാക്കണം. ഭർത്താവ് രാഘവൻ സ്വന്തം നിലയിൽ അവളെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്തത്. എങ്കിലും യശോദയുടെ ഉള്ളിൽ സംശയത്തിന്റെ കരിനിഴൽ പരന്നിരുന്നു. രാഘവൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "പ്രശാന്തിന്റെ അമ്മേ, നീ സ്വന്തം മകനെ കാണാൻ പോകയാണ്, അല്ലേ! അതും ഈ നാട്ടിൽത്തന്നെ. അല്ലാതെ, വിദേശത്തേക്കൊന്നുമല്ലല്ലോ നിന്റെ പോക്ക്."

യശോദ വീട്ടിൽനിന്നും ഇറങ്ങി. വാതിൽപ്പടി ഇറങ്ങിയിട്ട് അവൾ മൂന്നു നാലു പ്രാവശ്യം തിരിഞ്ഞു നോക്കി. രാഘവൻ ഓർമിപ്പിച്ചു: ദിൻകർ ചൗക്കിലെ "മാൻസരോവറിൽനിന്നും 'കാജു ബർഫി' വാങ്ങണം. നേഹയ്ക്കും അർണവിനും പറങ്കിയണ്ടി ബർഫി വളരെ ഇഷ്ടമാണ്."

പിന്നീട് എന്തോ ഓർത്തുകൊണ്ട് അയാൾ തുടർന്നു: "പിന്നെ ഒരു കാര്യം, നേരം വൈകുന്നതിനു മുൻപ് ഇങ്ങു മടങ്ങിയെത്തണം. വലിയ ആൾക്കൂട്ടവും തിരക്കുമുണ്ടാവും... പോകാനും തിരിച്ചെത്താനും ഓട്ടോ പിടിച്ചോളൂ... വൈകിട്ട് സിയാറം ഗ്രാമത്തിൽനിന്നും അരിയും ഗോതമ്പും ചാക്കിൽ കൊണ്ടുവരും. അവന്റെ ഫോൺ വന്നിരുന്നു." യശോദയ്ക്കും സന്തോഷമായി. "ഇനി കുറെ നാളത്തേക്ക് റേഷൻ വാങ്ങേണ്ടിവരില്ല. ഗ്രാമത്തിലെ ഒരുപിടി മണ്ണ് വിൽക്കാതെ കഴിഞ്ഞു. അതിന്റെ





പ്രയോജനമാണ് ഈ കിട്ടുന്നത്. ഭർത്താവിന്റെ പെൻഷൻ മുഴുവനും റേഷൻ സാധനങ്ങൾക്കായി പോകും. സിയാറാമിന്റെ വീട്ടുകാർ ഒരു പിടി മണ്ണ് ഉള്ളതിൽ കൃഷി ഇറക്കുന്നു. വർഷത്തിൽ രണ്ടു പ്രാവശ്യം ധാന്യങ്ങൾ ഇങ്ങോട്ടു കൊണ്ടുവരും.

ചൂടിനു നല്ല ശക്തി. യശോദ സാവധാനം നാൽക്കവലയിലേക്കു നടന്നു. അവളുടെ മനസ്സ് അസ്വസ്ഥമായിരുന്നു. സംശയമായിരുന്നു ഉള്ളിൽ. ഇനി മകനും മരുമകളും കൂടി 'പറ്റില്ല' എന്നു പറഞ്ഞാലോ? ഇതാദ്യമായിട്ടാണ് യശോദ തന്റെ മകന്റെ വീട്ടിലേക്കു തനിച്ചുപോകുന്നത്. മുൻപു പേരക്കുട്ടി നേഹയുടെയും അർണവിന്റെയും പിറന്നാൾ ദിവസമാണ് പോകാറ് പതിവ്. അതും സ്വന്തം ഭർത്താവുമൊന്നിച്ച്. ക്ഷണിക്കാതെ ഇതുവരെ എങ്ങോട്ടും പോയിട്ടില്ല. മകന്റെ അടുത്തേക്കു പോകാൻ ഒരു സന്തോഷമൊക്കെയുണ്ട്. (ഭർത്താവ് രാഘവനുമൊന്നിച്ചാണല്ലോ സാധാരണ പോകാറ് പതിവ്.) വിളിക്കാതെ ഇതുവരെ അങ്ങോട്ടു പോയിട്ടില്ല. അങ്ങോട്ടു ചെല്ലാൻ മറ്റൊരാകർഷണം കൂടിയുണ്ട്. അതേ അപ്പാർട്ട്മെന്റിൽ തന്നെയാണ് ഭർത്താവിന്റെ സഹപ്രവർത്തകനായിരുന്ന ശ്രീവാസ്തവ്ജി കുടുംബസമേതം താമസം. ശ്രീവാസ്തവിന്റെ കുടുംബവുമായി രാഘവനും യശോദയും വളരെ സൗഹാർദ്ദത്തിലായിരുന്നു. പ്രശാന്തിന്റെ വീട്ടുകാർ അതിലൊരു ഭാഗമായിരുന്നു.

അപ്പാർട്ട്മെന്റിൽ ഫ്ലാറ്റ് വാങ്ങുന്നതിനു മുൻപ് പ്രശാന്ത് വാടകവീട്ടിലായിരുന്നു താമസം. സ്വന്തം മാതാപിതാക്കളുടെ എൽ.ഐ.ജി ഇൻകം ഗ്രൂപ്പിലെ രണ്ടു മുറികളുള്ള പഴയ വീട്ടിലായിരുന്നു വിവാഹം കഴിഞ്ഞു രണ്ടുമാസം വരെ അവർ താമസിച്ചിരുന്നത്. അവൻ ഒരു വലിയ പത്രഗ്രൂപ്പുകാരുടെ കംപ്യൂട്ടർ എൻജിനീയറായിരുന്നു. അങ്ങനെയൊരാൾ 'പന്ന പഴയ' വീട്ടിൽ താമസിക്കുമോ? വാടകവീട്ടിലേക്കു താമസം മാറ്റി. പുറമെ അപ്പാർട്ട്മെന്റിലെ 'ത്രീ ബെഡ് റൂം' ഫ്ലാറ്റ് വാങ്ങിച്ചു. അവിടെ ഒരു മുറി ഒഴിഞ്ഞു കിടപ്പുണ്ടാവും. ആ ഒഴിഞ്ഞ മുറിയിലെ കാര്യം യശോദ പലപ്പോഴും ആലോചിക്കും. പക്ഷേ, സ്വന്തം ഭർത്താവിനോടല്ലാതെ, മറ്റാരോടും ഇക്കാര്യം പറയാൻ വിഷമമാണ്.

കവലയിലെത്തിയപ്പോൾ യശോദ 'കാജു ബർഫി' പായ്ക്കറ്റ് വാങ്ങി, കൊച്ചുമക്കൾക്കുവേണ്ടി. അവർ പോയതു മകന്റെയും മരുമകളുടെയും അടുത്തേക്ക്. പക്ഷേ, മനസ്സിൽ അതിന്റെ ഉത്സാഹമോ ഉന്മേഷമോ കണ്ടില്ല. പകരം അവിടെ സംശയമായിരുന്നു. ഇനി മകനും മരുമകളും 'ഇതൊന്നും വേണ്ട' എന്നു പ്രസ്താവിച്ചാലോ? തീർത്ഥാടനത്തിനു പോകാനുള്ള തന്റെ തീരുമാനത്തെപ്പറ്റി ഇപ്പോൾ പശ്ചാത്താപമാണ് തോന്നുക. അമ്മ വീട്ടുകാരുടെ മോഹത്തിൽപ്പെട്ട് അങ്ങനെ പോകാൻ തീരുമാനിക്കുകയായിരുന്നോ? വല്യേട്ടൻ, ഏടത്തി, അനന്തിരവൻ– എല്ലാവരും തീർത്ഥാടനത്തിനു പോകുന്നുണ്ട്. ഏട്ടൻ ഫോൺ വിളിച്ചുപറഞ്ഞു: "യശോദേ! നിങ്ങളുടെ ടിക്കറ്റും ബുക്ക് ചെയ്യുകയാണ്. ആകെ കൂടെ 22 ദിവസത്തെ പരിപാടി. ഏറെ നാളുകളായി, നാമെല്ലാവരും ഒന്നിച്ചുകൂടിയിട്ട്... വേഗം ഒരുക്കം തുടങ്ങിക്കൊള്ളൂ. അളിയന് അസുഖമൊന്നും ഇല്ലെങ്കിൽ പുള്ളിക്കാരനെ കൂട്ടിക്കൊണ്ടുവരണം. തീർത്ഥയാത്ര– സ്പെഷൽ വണ്ടി പറ്റ്നയിൽനിന്നാ പുറപ്പെടുക."

ശ്വാസകോശ രോഗമുള്ള ഭർത്താവിനെ ഇവിടെ തനിച്ചാക്കിയിട്ടു പോകണോ? അദ്ദേഹം തനിച്ച്

ഇവിടെ എങ്ങനെ കഴിയും? രാഘവൻ ചേട്ടൻ അതിനു സമാധാനം കണ്ടെത്തി. “നിങ്ങൾ പൊയ്ക്കൊള്ളൂ പ്രശാന്തിന്റെ അമ്മേ, വേലക്കാരിയുണ്ട് ഇവിടെ. എന്തെങ്കിലും പ്രശ്നം ഉണ്ടെങ്കിൽ ഞാൻ ഫോൺ ചെയ്യാം. ഏതായാലും പ്രശാന്തിനോട് ആലോചിച്ചിട്ടുവേണം തീരുമാനം എടുക്കാൻ; ഇരുപതോ ഇരുപത്തിരണ്ടോ ദിവസം എന്നെ സ്വന്തം വീട്ടിൽ താമസിപ്പിച്ചാൽ മതി.''

ഭർത്താവിന്റെ വാക്കുകേട്ട് യശോദയ്ക്കു ദുഃഖം തോന്നി. ഇതെന്തൊരു മായ! ഒരേ പട്ടണത്തിൽ നാമൊക്കെ പ്രത്യേകം പ്രത്യേകം വെവ്വേറെ താമസിക്കുകയോ? മകനും മരുമകളും വേറെ. നാം വല്ലപ്പോഴും പരസ്പരം കാണും. അതും ഏതെങ്കിലും ബന്ധുവീട്ടിൽ വച്ചാവും. അതും ബന്ധുക്കാരെപ്പോലെ കരുതി!

ഓട്ടോറിക്ഷയിലിരുന്ന യശോദ ഇതൊക്കെയാണ് ആലോചിച്ചുകൊണ്ടിരുന്നത്. ‘ഹനുമാൻ നഗർ’ നാൽക്കവലയിൽ എത്തിയപ്പോൾ ഡ്രൈവർ ചോദിച്ചു: “ഏത് അപ്പാർട്ട്മെന്റിലേക്ക് പോകണമെന്നാ നിങ്ങൾ പറയുന്നത്?''

“മധുപൻ അപ്പാർട്ട്മെന്റ്.''

ഞായറാഴ്ചയായിരുന്നു. ഉഷ്ണം ഇനിയും ശമിക്കാത്ത സന്ധ്യ. പക്ഷേ, എല്ലാവരും വീട്ടിൽത്തന്നെയുണ്ടായിരുന്നു. കോൾ ബെല്ലടിച്ചപ്പോൾ മരുമകൾ വന്നു കതകു തുറന്നു. അവൾ അന്തം വിട്ടു. “അല്ല, അമ്മയോ! ഇങ്ങനെ നോട്ടീസൊന്നും കൂടാതെ, പെട്ടെന്ന്!'' മരുമകൾ കാലുതൊട്ടു വണങ്ങി. പ്രശാന്ത് മുറിക്കു പുറത്തു കടന്നു. അയാൾ അമ്മയുടെ കാലുതൊട്ടു വണങ്ങി. “അമ്മേ, എന്താ വിശേഷിച്ച്? ഇങ്ങോട്ടൊക്കെ വരാൻ? ഫോണിൽ പറഞ്ഞാല് പോരായിരുന്നോ, ഇവിടെനിന്ന് കാറ് അയയ്ക്കാമായിരുന്നു.''

യശോദ സാവധാനം സോഫയിലിരുന്നു. മരുമകൾ ചെന്ന് എ.സി. ഓൺ ചെയ്തു. നേഹയും അർണവും അമ്മമ്മയുടെ തൊട്ടടുത്തു ചെന്നിരിപ്പായി. മരുമകൾ കൂൾഡ്രിംഗുമായി എത്തി. പൊടുന്നനെ അമ്മയെ (പ്രശാന്തിന് ഉള്ളിൽ ക്ഷീണമുണ്ടായിരുന്നു, എങ്കിലും) കണ്ടിട്ട് പ്രശാന്തിന് ആശ്ചര്യം തോന്നി.

“എന്തെങ്കിലും വിശേഷിച്ചു കാര്യം, അമ്മാ?''

“ഉവ്വ്, മകനെ. കാര്യമില്ലെങ്കിൽ ഇത്രടം വരെ വരുമായിരുന്നോ? അതും ഈ കൊടും ചൂടത്ത്.''

യശോദ ധൈര്യം സംഭരിച്ചുകൊണ്ടു പറഞ്ഞു.

“എന്താണെന്നു വച്ചാൽ, ഞങ്ങൾ 20–25 ദിവസത്തേക്ക് ഒരു തീർത്ഥയാത്രയ്ക്കുപോകുന്നുണ്ട്. നിങ്ങളുടെ അമ്മാവനും അമ്മായിയും അവരുടെ സഹോദരീസഹോദരന്മാരും എല്ലാവരും വരുന്നുണ്ട്. അവരാണ് എന്റെ ടിക്കറ്റും എടുത്തത്.''

പ്രശാന്ത് സന്തോഷത്തോടെ പറഞ്ഞു: “അതൊരു നല്ല കാര്യമാണ്. അമ്മയ്ക്ക് 20–25 ദിവസം നിങ്ങളുടെ ബന്ധുക്കളുടെ എല്ലാവരുടെയും കൂടെ കഴിയാമല്ലോ.''

“പക്ഷേ ഒരു പ്രശ്നം ഉണ്ട്, മോനേ!'' അമ്മ എല്ലാ ധൈര്യവും സംഭരിച്ചുകൊണ്ട് പറഞ്ഞു: “നിങ്ങളുടെ അച്ഛനു പോകാനുള്ള ആരോഗ്യമായില്ല. പത്തോ ഇരുപതോ ദിവസമെങ്കിലും അദ്ദേഹത്തെ നിങ്ങളുടെ






കൂടെ നിർത്താം എന്നു വിചാരിക്കുന്നു...''

പ്രശാന്തിന്റെ ഉള്ളു പൊള്ളി. അയാൾ വിഷമത്തോടെ പറഞ്ഞു: ''പക്ഷേ, അമ്മാ! കാര്യമെന്തെന്ന് ചോദിച്ചാല്...'' അയാളുടെ ഭാര്യക്കു സംഗതി പിടികിട്ടിയപോലെ തോന്നി. ''അമ്മ, കാര്യം എന്താണെന്നു ചോദിച്ചാൽ, ഞങ്ങൾ ഗോവയിലേക്കു പോകയാണ്. വിമാനടിക്കറ്റും എടുത്തു കഴിഞ്ഞു.'' അമ്മ മകന്റെയും മരുമകളുടെയും മുഖഭാവം വായിച്ചറിഞ്ഞു. ''അപ്പോൾ നിങ്ങൾ പുറത്തേക്കു പോകയാണ് പ്ലെയിനിൽ?''

ഏഴു വയസ്സുകാരൻ പേരക്കുട്ടി അർണവ് അമ്മമ്മയുടെ അടുത്ത് ഒട്ടിച്ചേർന്നിരുന്നു. അവർ പറഞ്ഞു: ''മമ്മീ ഞങ്ങൾ ഗോവയ്ക്കു പോകയാണ്, പ്ലെയിനിൽ.'' ''പക്ഷേ, എന്നിട്ട് തങ്ങളോട് ഇക്കാര്യം പറഞ്ഞില്ലല്ലോ.''

യശോദ പുറപ്പെടാൻ ഭാവിച്ചു. നേഹയും അർണവും തങ്ങളുടെ അമ്മൂമ്മയോട് കൂടുതൽ ഒട്ടിച്ചേർന്നിരിക്കുകയായിരുന്നു. അവരെ വിടാൻ ഭാവമില്ല. യശോദ വളരെ ശ്രമിച്ചു നോക്കി. അവരുടെ കണ്ണുകൾ നിറഞ്ഞുതുളമ്പി. പ്രശാന്തിന്റെ ഡ്രൈവർ അവരെ വിളിക്കാനെത്തി. ''വരൂ, മാതാജീ!'' നേഹയും അർണവും നിറകണ്ണോടെ അമ്മമ്മയെ നോക്കിയിരുന്നു.

ഡ്രൈവർ യശോദാമ്മയെ വീട്ടിൽ കൊണ്ടാക്കി. വാതിൽ തുറന്നു കിടക്കുകയായിരുന്നു. അകത്തു ചെന്നപ്പോൾ സ്റ്റൂളിന്മേലിരുന്ന് സിയാറാം രാഘവനോടു സംസാരിക്കുകയായിരുന്നു. സിയാറാം എണീറ്റ് യശോദയുടെ കാലുതൊട്ടു വന്ദിച്ചു. യശോദ പുഞ്ചിരി തൂകി. രാഘവൻ ആരാഞ്ഞു: ''നീ ചിരിക്കയാണോ? മകനും മരുമകളും കൂടി നിന്നെ തള്ളി, അല്ലേ?''

യശോദ നാണത്തോടെ പറഞ്ഞു: ''ഞാൻ പറഞ്ഞില്ലേ, പോകുന്നതു വെറുതെയാവും...'' സിയാറാം യശോദയുടെ വാടിയ മുഖം ശ്രദ്ധിച്ചു. അവൻ പറഞ്ഞു: ''ചാച്ചീ എന്നോട് നിങ്ങൾ പറഞ്ഞില്ല, നിങ്ങൾ എന്തിനാണ് പ്രശാന്ത് ബാബുവിന്റെ അടുത്തേക്കു പോകുന്നതെന്ന്. അതിൽ ഇത്ര ദുഃഖിക്കാനെന്തിരിക്കുന്നു. നിങ്ങൾ സമാധാനമായി, സന്തോഷത്തോടെ തീർത്ഥയാത്രയ്ക്കു പോകൂ. ഇവിടെ ഞാനുണ്ടല്ലോ. ഞാനാണെങ്കിൽ നിങ്ങളോടൊപ്പം ഏതാനും ദിവസം ഇവിടെ കൂടാമെന്നു വിചാരിച്ചിരിക്കയായിരുന്നു. ഞാൻ തനിച്ചല്ലേ കഴിയുന്നത്. ഡ്യൂട്ടി കഴിഞ്ഞുവന്നു മുറിയിൽ വെറുതെയിരിക്കും. ഞാൻ ഇവിടെത്തന്നെ ഉണ്ടാവും. ചാച്ചീ, എനിക്ക് അടുക്കള ജോലി ഒക്കെ അറിയാം. ഏഴ് കൊല്ലം ഇവിടെ പാറ്റ്നയിൽത്തന്നെ എൻജിനീയർ സാഹിബ്ബിന്റെ കൂടെയായിരുന്നല്ലോ വയ്പും കുടിയുമൊക്കെ...''

സിയാറാമിനെ, സ്വന്തം ഗ്രാമത്തിലെ കമ്മീഷണർ ഠാക്കൂർ രണ വിജയ് സിംഗ് വീടുപണിക്കായി ഇങ്ങോട്ടു കൊണ്ടുവന്നതായിരുന്നു. ചീഫ് എൻജിനീയർ പദവിയിൽനിന്നു വിമരമിക്കുന്നതിനു മുൻപ് അദ്ദേഹം സിയാറാമിനെ സ്വന്തം ആപ്പീസിൽ പ്യൂണായി നിയമിച്ചിരുന്നു. എന്നിട്ട് അദ്ദേഹം സ്വന്തം മകനോടൊപ്പം അമേരിക്കയ്ക്കു പോയി. സിയാറാം പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു: ''അപ്പോൾ സംഗതി ഉറപ്പിച്ചു അല്ലേ, ചാച്ചീ...'' ''എന്റെ സാധനങ്ങളുമെടുത്തു ഞാൻ നാളെ രാവിലെ ഇവിടെ ഹാജരാവും. ഇവിടെ പുറകിലത്തെ ചായ്പ് ഒഴിഞ്ഞുകിടക്കുകയാണല്ലോ. ഞാൻ അവിടെ കിടന്നുകൊള്ളാം. ഇപ്പോൾത്തന്നെ അരിയുടെയും ഗോതമ്പിന്റെയും രണ്ടു ചാക്ക് കൊണ്ടുവരാം. പിന്നാലെ മൂന്നു ചാക്ക് കൊണ്ടുവരാം. എനിക്ക് എല്ലാ പണിയും ചെയ്യാനറിയാം. ചാച്ചീ, എനിക്കൊന്നും അറിയില്ല എന്നു ധരിക്കേണ്ട. ഞാൻ നിരക്ഷരനൊന്നുമല്ല, നോൺ മെട്രിക്കാണ്...''

നോൺ മെട്രിക്ക് എന്നു കേട്ടിട്ട് രാഘവനും യശോദയ്ക്കും ചുണ്ടിൽ പുഞ്ചിരി പൊട്ടി. രാഘവൻ ആരാഞ്ഞു: ''നോൺ മെട്രിക്ക് എന്നു വച്ചാൽ... എന്താ

സിയാറാം?''

"നോൺ മെട്രിക്ക് എന്നു വച്ചാൽ മെട്രിക് ഫെയിൽഡ്.'' തന്റെ വാക്കിൽ സിയാറാമിനു തന്നെ നാണം തോന്നി. യശോദ കുറെ നേരം കറുമ്പൻ നോൺ-മെട്രിക്കിനെത്തന്നെ നോക്കി നിന്നു. അവൾക്കു ചിരിപൊടിച്ചു. പോകാൻ നേരത്ത് സിയാറാം രാഘവന്റെയും യശോദയുടെയും കാലുതൊട്ടു വന്ദിച്ചു. രാഘവൻ വികാരാധീനനായി. യശോദ സിയാറാമിന്റെ തലയിൽ കൈവച്ചു കുറെ നേരം അവനെ അനുഗ്രഹിച്ചു. "നിനക്കു നല്ലതു വരട്ടെ എന്നും.'' എന്നിട്ട് അവർ സാരിത്തലപ്പുകൊണ്ട് സ്വന്തം കണ്ണീരൊപ്പി.

തീർത്ഥയാത്രയ്ക്കു പുറപ്പെടേണ്ടതിന്റെ തലേ ദിവസം യശോദ 'ബിഗ് ബസാറി'ൽ സാധനങ്ങൾ വാങ്ങാൻ പോയി. അവിടെവച്ച് ശ്രീവാസ്തവിന്റെ ഭാര്യയെ കണ്ടുമുട്ടി. കുശലമൊക്കെ അന്വേഷിച്ചശേഷം ശ്രീവാസ്തവിന്റെ ഭാര്യ പറഞ്ഞു: "നിങ്ങൾ അന്നു നിങ്ങളുടെ മകന്റെ വീട്ടിൽ പോയി. പക്ഷേ, എന്റെ വീട്ടിലേക്കു വന്നില്ല. ആട്ടെ, നിങ്ങളുടെ മരുമകൾ എന്നോടു പറഞ്ഞത് എന്താണെന്ന് അറിയാമോ? വല്യപ്പനെ എന്റെ അടുത്താക്കിയിട്ടു പോകാനാണ് വല്യമ്മ എഴുന്നള്ളിയത്. ആരാ ഈ വയസ്സനെ കൂടെ താമസിപ്പിക്കുക? രാവും പകലും ഒരേ പോലെ ചുമ. അദ്ദേഹത്തിന്റെ കട്ടിലിനടിയിൽ പാത്രം വയ്ക്കണം. അതിലോട്ടാ തുപ്പുക. ഈ തുപ്പലും മറ്റും ആരാ വൃത്തിയാക്കുക? എന്റെ വീട്ടിൽ രണ്ടു കുട്ടികളുണ്ട്. മൂപ്പിൽസിനു യഥാസമയം ചൂടു ചോറു കഴിക്കണം. രണ്ടു നേരവും പാലു വേണം. ചൂടുവെള്ളം തന്നെ വേണം. ഇതൊക്കെ ചുമക്കാൻ ആരെക്കൊണ്ടു കഴിയും? ഞങ്ങൾ ഗോവയ്ക്കു പോകയാണെന്നു പറഞ്ഞു ഞാൻ ഒഴിഞ്ഞുമാറി.''

യശോദ ശ്രീവാസ്തവിന്റെ ഭാര്യയോട് സംസാരിച്ചപ്പോഴും മറ്റേതോ ആലോചനയിലായിരുന്നു- പ്രശാന്തിനു വേണ്ടി ഇവിടുത്തെ പെൺകൊച്ചിനെ ആലോചിക്കാൻ ഭർത്താവുമൊന്നിച്ചു പോയകാര്യം- ഭർത്താവിനു പെൺവീട്ടുകാരെ വളരെ ഇഷ്ടമായി. "വളരെ സുന്ദരിക്കുട്ടി. നല്ല സ്വഭാവം. വിനീത. മിതഭാഷി. കോൺവെന്റിൽ പഠിച്ചവൾ. മഗധ് വിമൻസ് കോളേജിൽനിന്നും ബി.എ ഇക്കണോമിക്സിന് ഫസ്റ്റ് ക്ലാസ്സ്. അച്ഛൻ ലേബർ കമ്മിഷണർ. വലിയ വീട്ടിലെ കുട്ടി. നീ പ്രേംചന്ദിന്റെ കഥ 'ബഡേ ഘർ കീ ബേട്ടി' (വലിയ വീട്ടിലെ പെൺകുട്ടി) വായിച്ചിട്ടില്ലേ, പ്രശാന്തിന്റെ അമ്മേ?'' പഴയ കാര്യങ്ങളൊക്കെ ഓർത്ത് യശോദയ്ക്കു ചിരി വന്നു. ശ്രീവാസ്തവിന്റെ ഭാര്യ അവളെ നോക്കി അദ്ഭുതത്തോടെ നിൽക്കയാണ്. "ഈ യശോദ എന്തിനാണ് സന്തോഷിക്കുന്നത്? ദുഃഖിക്കുകയല്ലേ വേണ്ടത്.'' ●

